## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1869** **13-02-2025 - ൽ മറുപടിയ്ക്ക്**

## ഒരു പഞ്ചായത്ത് ഒരു കളിക്കളംപദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ ഇതുവരെ എത്ര കളിസ്ഥലത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കുമോ; | (എ) | ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ നടപ്പിലാക്കുന്ന "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയുടെ ആദ്യഘട്ടത്തിൽ 124 പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ നിർമ്മാണം ആരംഭിച്ച ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ജി.എച്ച്.എസ്. കളിസ്ഥലം, പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട് സ്റ്റേഡിയം, ചടയമംഗലം നിയോജകമണ്ഡലത്തിലെ ചടയമംഗലം ഗ്രാമപ്പഞ്ചായത്ത് സ്റ്റേഡിയം, ചവറ നിയോജകമണ്ഡലത്തിലെ അയ്യൻ കോയിക്കൽ ജി.എച്ച്.എസ്.എസ്. കളിസ്ഥലം എന്നിവ ഒഴിച്ച് 120 കളിസ്ഥലങ്ങളുടെ നിർമ്മാണത്തിന് സർക്കാർ സമഗ്ര ഭരണാനുമതിയും നൽകിയിട്ടുണ്ട്. എം.എൽ.എ ഫണ്ട്/ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട്/ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് ലഭ്യമായ ഓരോ പ്രവൃത്തിക്കും സർക്കാർ പുറപ്പെടുവിച്ച സമഗ്ര ഭരണാനുമതിയുടെയും പദ്ധതിയുടെ SOP-യുടെയും അടിസ്ഥാനത്തിൽ, കായിക യുവജനകാര്യ ഡയറക്ടർ പ്രത്യേകം ഭരണാനുമതി നൽകിയാണ് ഓരോ പ്രവൃത്തിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇപ്രകാരം, 64 പ്രവൃത്തികൾക്കാണ് കായികയുവജനകാര്യ ഡയറക്ടർ ഭരണാനുമതി നൽകിയിട്ടുള്ളത്. ഈ പദ്ധതിയിൽ ഉൾപ്പെട്ട പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ജി.എച്ച്.എസ് കളിസ്ഥലം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി വരും വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും മണ്ഡലങ്ങളിൽ നിന്നും ലഭിച്ച ശിപാർശകളിന്മേൽ സ്വികരിച്ച നടപടികൾ ഏതുഘട്ടത്തിലാണെന്നും വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതി മുഖേന വിവിധ ഘട്ടങ്ങളിലായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ജനപ്രതിനിധികളിൽ നിന്നും വിവിധ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രവർത്തികളുടെ ലിസ്റ്റ് അന്തിമമാക്കുന്നതിന് പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രായോഗികത പരിശോധിക്കുന്നതിന് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ